# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 379** **28-11-2018 - ൽ മറുപടിയ്ക്ക്**

## ഉപഭോക്തൃ തർക്ക പരിഹാര ഫോറങ്ങളുടെ താല്ക്കാലിക ചുമതല

**ചോദ്യം** **മറുപടി**

**ശ്രീ. ഹൈബി ഈഡൻ**

**ശ്രീ. പി. തിലോത്തമൻ**
**(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)**

| | | | |
|---|---|---|---|
| (എ) | ജില്ലാ ഉപഭോക്തൃ തർക്ക പരിഹാര ഫോറങ്ങളിലെ പ്രസിഡന്റ്മാരുടെയും അംഗങ്ങളുടെയും വിരമിക്കൽ കാരണം പ്രവർത്തന രഹിതമായ ഫോറങ്ങളിലേക്ക് മറ്റ് ജില്ലകളിലെ പ്രസിഡന്റുമാർക്കും അംഗങ്ങൾക്കും താൽക്കാലിക ചുമതല നൽകിയിട്ടുണ്ടോ; ഏതൊക്കെ ജില്ലകളിൽ ആർക്കൊക്കെയാണ് താൽക്കാലിക ചുമതല നൽകിയിട്ടുള്ളത് വിശദമാക്കാമോ; | (എ) | ഉണ്ട്. ആലപ്പുഴ, കോട്ടയം, വയനാട്, കാസർകോഡ്, ജില്ലാ ഉപഭോക്തൃ ഫോറങ്ങളിലാണ് നിലവിൽ പ്രസിഡന്റ്മാർ ഇല്ലാത്തത്. ഇവിടങ്ങളിൽ യഥാക്രമം കൊല്ലം, പത്തനംതിട്ട, കോഴിക്കോട്, കണ്ണൂർ എന്നീ ഉപഭോക്തൃ ഫോറങ്ങളിലെ പ്രസിഡന്റുമാർക്ക് താല്ക്കാലികമായി അധിക ചുമതല നൽകിയിട്ടുണ്ട്. കൊല്ലം ഉപഭോക്തൃ ഫോറത്തിലെ അംഗത്തിന് തിരുവനന്തപുരം ഫോറം മെമ്പരുടേയും, പത്തനംതിട്ട ഫോറം മെമ്പറിന് ആലപ്പുഴ ഫോറം മെമ്പരുടേയും അധിക ചുമതല നൽകിയിട്ടുണ്ട്. |
| (ബി) | സർക്കാർ ഉത്തരവ് പ്രകാരമാണോ കമ്മീഷൻ പ്രസിഡന്റിന്റെ ഉത്തരവ് പ്രകാരമാണോ ഈ അധിക ചുമതലകൾ നൽകിയിട്ടുള്ളത്; പ്രസ്തുത ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ; | (ബി) | സംസ്ഥാന ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷൻ പ്രസിഡന്റിന്റെ ഉത്തരവ് പ്രകാരം അടിയന്തര സാഹചര്യം പരിഗണിച്ച് അധിക ചുമതല നൽകിയത് സർക്കാർ സാധൂകരിച്ചിട്ടുണ്ട്. ഉത്തരവുകളുടെ പകർപ്പ് അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു. |
| (സി) | ഈ വിഷയം സംബന്ധിച്ച് ബഹു.കേരള ഹൈക്കോടതിയിൽ കേസുകൾ നിലവിലുണ്ടോ; കേസുകൾ തീർപ്പായെങ്കിൽ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ; | (സി) | ഹൈക്കോടതി ഉത്തരവിന്റെ പകർപ്പ് അനുബന്ധം 2 ആയി ചേർത്തിരിക്കുന്നു. |

| | | | |
|---|---|---|---|
| (ഡി) | താൽകാലിക ചുമതലകൾ ജില്ലക്ക് പുറത്ത് നൽകുന്നതിന് ഉപഭോക്തൃ സംരക്ഷണ നിയമത്തിൽ ഏതു വകുപ്പിലാണ് സൂചിപ്പിച്ചിരിക്കുന്നത്; ഇപ്പോൾ നൽകിയിരിക്കുന്ന അധിക ചുമതല ഏതു വകുപ്പ് പ്രകാരമാണ് നൽകിയിരിക്കുന്നത്; രണ്ട് ഉത്തരവിന്റെയും പകർപ്പ് ലഭ്യമാക്കുമോ; | | ഒരു പ്രസിഡന്റും, രണ്ട് അംഗങ്ങളുമടങ്ങിയതാണ് ജില്ലാ ഉപഭോക്തൃ ഫോറം. 1986-ലെ ഉപഭോക്തൃ സംരക്ഷണ നിയമത്തിലെ 22D വകുപ്പ് പ്രകാരം ഒരു ജില്ലാ ഫോറത്തിൽ പ്രസിഡന്റിന്റെ ഒഴിവ് ഉണ്ടായാൽ, അതേ ഫോറത്തിലെ സീനിയർ മോസ്റ്റ് മെമ്പർക്ക് ചാർജ്ജ് നൽകണമെന്നാണ് വ്യവസ്ഥ ചെയ്യുന്നത്. എന്നാൽ ചില ഫോറങ്ങളിൽ രണ്ട് അംഗങ്ങളുടേയും തസ്തിക ഒഴിഞ്ഞു കിടക്കുന്നതിനാലും, ചില ഫോറങ്ങളിലെ രണ്ട് അംഗങ്ങൾക്കെതിരേയും അന്വേഷണം നടത്തുന്നതിന് ഹൈക്കോടതി രജിസ്ട്രാർക്ക് നിർദ്ദേശം നൽകിയിട്ടുള്ളതിനാലും, പ്രസിഡന്റിന്റെ ചാർജ്ജ് നൽകുവാൻ നിർവ്വാഹമില്ലാത്ത അവസ്ഥയാണ്. ഈ സാഹചര്യത്തിൽ പ്രസ്തുത ജില്ലാ ഫോറങ്ങളുടെ സുഗമമായ പ്രവർത്തനം നടക്കുന്നതിന് വേണ്ടിയാണ് തൊട്ടടുത്ത ജില്ലാ ഉപഭോക്തൃ ഫോറത്തിലെ പ്രസിഡന്റിന് അധിക ചുമതല നൽകിയത്. |
| (ഇ) | ഈ അധിക ചുമതലകൾ ഉപഭോക്തൃ സംരക്ഷണ നിയമത്തിലെ ആക്റ്റിലും റൂളിലും ഇല്ലാതിരുന്നാൽ ഒരു ഹൈക്കോടതി ഉത്തരവിൻ പ്രകാരം നടപ്പിലാക്കുവാൻ സാധിക്കുമോ എന്ന് വ്യക്തമാക്കുമോ; ഈ അധിക ചുമതലകൾ വഹിക്കുന്നവർ യാത്രാബത്തക്ക് വേണ്ടി നൽകിയ അപേക്ഷയിൽ എന്ത് നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ? | (ഇ) | ഹൈക്കോടതി ഉത്തരവ് പ്രകാരമല്ല അധിക ചുമതല നൽകിയത്. യാത്രാബത്തക്ക് വേണ്ടി നൽകിയ അപേക്ഷയിൽ നിലവിലെ നിയമങ്ങൾക്കനുസൃതമായി ഉചിതമായ തീരുമാനം എടുക്കാൻ ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷൻ, സെക്രട്ടറി & രജിസ്ട്രാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.

അനുബന്ധം. 1



PROCEEDINGS OF THE PRESIDENT, KERALA STATE CONSUMER DISPUTES REDRESSAL COMMISSION, THIRUVANANTHAPURAM.
(PRESENT: JUSTICE S.S.SATHEESACHANDRAN)

No. A.826/16. Dated: 20/03/2018.

Sub: - CDRC – Expiry of term - President, CDRF, Alappuzha – Relieving of - orders issued.

...........

The term of Smt.Elizebeth George, President of Consumer Disputes Redressal Forum Alappuzha will expire on 21/03/2018 AN. Therefore she will hand over charge of the President to Sri.E.M.Muhammed Ibrahim President, CDRF, Kollam on the AN of 21/03/2018 on proper acknowledgement. Sri.E.M.Muhammed Ibrahim, President, CDRF, Kollam, will hold the additional charge of the President of CDRF, Alappuzha until further orders, and subject to the decision of selection committee and orders of the Government.

By order of the Commission,

SECRETARY & REGISTRAR.

To

1) Smt.Elizebeth George.
2) Sri. E.M.Muhammed Ibrahim.
3) Senior Supdt., CDRF,Kollam and Alappuzha is directed to ensure the order is duly complied with and furnish report to that effect with a copy of the RTC to this Commission.

CONSUMER ... 840 Date ... KASARAGOD

(2)

PROCEEDINGS OF THE PRESIDENT, KERALA STATE CONSUMER DISPUTES REDRESSAL COMMISSION, THIRUVANANTHAPURAM.
(PRESENT: JUSTICE S.S.SATHEESACHANDRAN)

No. A.517/18. Dated: 06/08/2018.

Sub: - CDRC – Expiry of term – Additional charge - orders issued.

...........

The term of appointment of Smt.Rema Devi.P, President of Consumer Disputes Redressal Forum, Kasaragod expired on 13/07/2018 AN. Therefore Sri.Roy Paul, President, CDRF, Kannur, will hold the additional charge of the President of CDRF, Kasaragod until further orders.

Sd/-
PRESIDENT

To

1) Sri.Roy Paul.
2) Senior Supdt., CDRF, Kasaragod and Kannur is directed to ensure the order is duly complied with and furnish report to that effect with a copy of the RTC to this Commission.

By order of the Commission,

SECRETARY & REGISTRAR.

RG

# PROCEEDINGS OF THE PRESIDENT, KERALA STATE CONSUMER DISPUTES REDRESSAL COMMISSION, THIRUVANANTHAPURAM.
(PRESENT: JUSTICE S.S.SATHEESACHANDRAN)

No. A.826/16.

Dated: 20/03/2018.

Sub: - CDRC – Expiry of term - President, CDRF, Wayanad – Relieving of – orders issued.

..........

The term of Sri.Jose V.Thannikode, President of Consumer Disputes Redressal Forum, Wayanad will expire on 20/03/2018 AN. Therefore he will hand over charge of the President, CDRF, Wayanad to Smt.Rose Jose, President, CDRF, Kozhikkode on the AN of 20/03/2018 on proper acknowledgement. Smt.Rose Jose, President, CDRF, Kozhikkode, will hold the additional charge of the President of CDRF, Wayanad until further orders, and subject to the decision of selection committee and orders of the Government.

By order of the Commission,

SECRETARY & REGISTRAR.

To

1) Sri.Jose V.Thannikode.
2) Smt.Rose Jose.
3) Senior Supdt., CDRF,Wayanad & Kozhikkode is directed to ensure the order is duly complied with and furnish report to that effect with a copy of the RTC to this Commission.

(4)

<u>ഭരണഭാഷ മാതൃഭാഷ</u>

കേരള സംസ്ഥാന ഉപഭോക്തൃ തർക്കപരിഹാര കമ്മീഷൻ, തിരുവനന്തപുരം

നമ്പർ: - എ.468/18 തിയതി : 18/07/2018.

പ്രേക്ഷിതൻ

സെക്രട്ടറി & രജിസ്ട്രാർ.

സ്വീകർത്താവ്

പ്രസിഡൻറ്,
ജില്ലാഫോറം
കൊല്ലം/പത്തനംതിട്ട/തിരുവനന്തപുരം/ആലപ്പുഴ.

സർ,

വിഷയം: - സി.ഡി.ആർ.സി. - മെമ്പർമാരുടെ അധികചുമതല – സംബന്ധിച്ച്.

സൂചന: - ബഹു.കമ്മീഷൻ പ്രസിഡൻറിൻെറ നിർദ്ദേശം.

......

സൂചനയിലേയ്ക്ക് ശ്രദ്ധ ക്ഷണിക്കുന്നു. കൊല്ലം, പത്തനംതിട്ട എന്നീ ജില്ലാഫോറങ്ങളിലെ പ്രസിഡൻറുമാർ അധികചുമതല വഹിക്കുന്നതിനാൽ, പ്രസ്തുത ഫോറങ്ങളിൽ സിറ്റിംഗ് ഇല്ലാത്ത ദിവസങ്ങളിൽ മെമ്പർമാർ താഴെച്ചേർത്ത പ്രകാരം അധിക ചുമതല വഹിക്കേണ്ടതാണെന്ന് ബഹു.കമ്മീഷൻ പ്രസിഡൻറ് നിർദ്ദേശം നൽകിയിട്ടുണ്ട്.

| | |
|---|---|
| കൊല്ലം മെമ്പർ | - തിരുവനന്തപുരം ജില്ലാഫോറം. |
| പത്തനംതിട്ട മെമ്പർ | - ആലപ്പുഴ ജില്ലാഫോറം. |

കമ്മീഷൻ ഉത്തരവിൻ പ്രകാരം,

(signature)

സെക്രട്ടറി & രജിസ്ട്രാർ

(signature)

(5)

**കേരള സർക്കാർ**

സംഗ്രഹം

ഉപഭോക്തൃകാര്യ വകുപ്പ്-കൊല്ലം, പത്തനംതിട്ട ഉപഭോക്തൃതർക്ക പരിഹാര ഫോറങ്ങളിലെ അംഗങ്ങൾക്ക്, തിരുവനന്തപുരം, ആലപ്പുഴ ഉപഭോക്തൃതർക്ക പരിഹാര ഫോറം അംഗങ്ങളുടെ അധിക ചുമതല (Full additional charge) നല്കിയ നടപടി സാധൂകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**ഉപഭോക്തൃകാര്യ വകുപ്പ്**

സ.ഉ. (സാധാ) നമ്പർ. 606/2018/ഉ.കാ.വ തീയതി, തിരുവനന്തപുരം, 27-11-2018.

---

പരാമർശം:-1. സംസ്ഥാന ഉപഭോക്തൃതർക്ക പരിഹാര കമ്മീഷൻ, പ്രസിഡന്റിന്റെ 23-07-2018 ലെ DO.No. 206/CA/CDRC/2018 നമ്പർ അർദ്ധ ഔദ്യോഗിക കത്ത്.

2. സംസ്ഥാന ഉപഭോക്തൃതർക്ക പരിഹാര കമ്മീഷൻ, സെക്രട്ടറി&രജിസ്ട്രാറുടെ 23-11-2018 ലെ എ.826/16 നമ്പർ കത്ത്.

**ഉത്തരവ്**

തിരുവനന്തപുരം, ആലപ്പുഴ ജില്ല ഉപഭോക്തൃതർക്ക പരിഹാര ഫോറങ്ങളിലെ അംഗങ്ങളുടെ സേവന കാലാവധി അവസാനിച്ച സാഹചര്യത്തിൽ, പ്രസ്തുത ഫോറങ്ങളുടെ സുഗമമായ പ്രവർത്തനം നടക്കുന്നതിനുവേണ്ടി കൊല്ലം, പത്തനംതിട്ട ജില്ല ഉപഭോക്തൃ തർക്ക പരിഹാര ഫോറങ്ങളിലെ ഓരോ അംഗങ്ങൾക്ക് യഥാക്രമം തിരുവനന്തപുരം, ആലപ്പുഴ ഉപഭോക്തൃതർക്ക പരിഹാര ഫോറങ്ങളിലെ അംഗങ്ങളുടെ അധിക ചുമതല നല്കിയിട്ടുണ്ടെന്നും, പ്രസ്തുത നടപടികൾക്ക് അംഗീകാരം നല്കണമെന്നും സംസ്ഥാന ഉപഭോക്തൃതർക്ക പരിഹാര കമ്മീഷൻ പ്രസിഡന്റ് പരാമർശം 1 കത്ത് മുഖേനെ ആവശ്യപ്പെട്ടിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തിരുവനന്തപുരം, ആലപ്പുഴ ജില്ല ഉപഭോക്തൃ തർക്കപരിഹാര ഫോറങ്ങളിലെ അംഗങ്ങളുടെ സേവന കാലാവധി അവസാനിച്ച സാഹചര്യത്തിൽ, പ്രസ്തുത ഫോറങ്ങളുടെ സുഗമമായ പ്രവർത്തനം നടക്കുന്നതിനുവേണ്ടി കൊല്ലം ഉപഭോക്തൃ തർക്കപരിഹാര ഫോറത്തിലെ അംഗത്തിന് 21-07-2018 മുതൽ തിരുവനതപുരം ഉപഭോക്തൃ തർക്കപരിഹാര ഫോറത്തിന്റേയും, പത്തനംതിട്ട ജില്ല ഉപഭോക്തൃതർക്ക പരിഹാര ഫോറത്തിലെ അംഗത്തിന്, 26-07-2018 മുതൽ ആലപ്പുഴ ഉപഭോക്തൃ തർക്കപരിഹാര ഫോറത്തിന്റേയും അധിക ചുമതല (Full additional charge) നല്കിയ സംസ്ഥാന ഉപഭോക്തൃ തർക്കപരിഹാര കമ്മീഷൻ പ്രസിഡന്റിന്റെ നടപടി സാധൂകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു

ഗവർണറുടെ ഉത്തരവിൻപ്രകാരം,

**ഗിരീശൻ പി.റ്റി,**
**ഡെപ്യൂട്ടി സെക്രട്ടറി**

പൊതുവിതരണ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
സെക്രട്ടറി&രജിസ്ട്രാർ, സംസ്ഥാന ഉപഭോക്തൃതർക്ക പരിഹാര കമ്മീഷൻ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ/ഓഡിറ്റ്), കേരള, തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Chithralekha R.L

സെക്ഷൻ ഓഫീസർ

Chithralekha R.L

**കേരള സർക്കാർ**

സംഗ്രഹം

ഉപഭോക്തൃകാര്യ വകുപ്പ് - കൊല്ലം, പത്തനംതിട്ട, കോഴിക്കോട് ഉപഭോക്തൃതർക്ക പരിഹാര ഫോറം പ്രസിഡന്റുമാർക്ക് ആലപ്പുഴ, കോട്ടയം, വയനാട് ഉപഭോക്തൃതർക്ക പരിഹാര ഫോറം പ്രസിഡന്റുമാരുടെ അധിക ചുമതല (Full additional charge) നല്കിയ നടപടി സാധൂകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു

**ഉപഭോക്തൃകാര്യ വകുപ്പ്**

സ.ഉ. (സാധാ) നമ്പർ. 605/2018/ഉ.കാ.വ തീയതി, തിരുവനന്തപുരം, 27-11-2018.

പരാമർശം:- 1. സംസ്ഥാന ഉപഭോക്തൃതർക്ക പരിഹാര കമ്മീഷൻ, സെക്രട്ടറി&രജിസ്ട്രാറുടെ 04-06-2018 ലെ എ. 517/18 നമ്പർ കത്ത്.

2. സംസ്ഥാന ഉപഭോക്തൃതർക്ക പരിഹാര കമ്മീഷൻ, സെക്രട്ടറി&രജിസ്ട്രാറുടെ 23-11-2018 ലെ എ. 826/16 നമ്പർ കത്ത്.

**ഉത്തരവ്**

ആലപ്പുഴ, കോട്ടയം, വയനാട് ജില്ല ഉപഭോക്തൃതർക്ക പരിഹാര ഫോറങ്ങളിലെ പ്രസിഡന്റുമാരുടെ സേവന കാലാവധി അവസാനിച്ച സാഹചര്യത്തിൽ, പ്രസ്തുത ഫോറങ്ങളുടെ സുഗമമായ പ്രവർത്തനം നടക്കുന്നതിനുവേണ്ടി കൊല്ലം, പത്തനംതിട്ട, കോഴിക്കോട് ജില്ല ഉപഭോക്തൃതർക്ക പരിഹാര ഫോറം പ്രസിഡന്റുമാർക്ക് യഥാക്രമം ആലപ്പുഴ, കോട്ടയം, വയനാട് ജില്ല ഉപഭോക്തൃതർക്ക പരിഹാര ഫോറം പ്രസിഡന്റുമാരുടെ അധിക ചുമതല നല്കിയിട്ടുണ്ടെന്നും ഇതിന് സർക്കാർ അംഗീകാരം നേടണമെന്ന് സംസ്ഥാന ഉപഭോക്തൃതർക്ക പരിഹാര കമ്മീഷൻ പ്രസിഡന്റ് നിർദ്ദേശിച്ചിട്ടുണ്ടെന്നും ആകയാൽ അതിനുള്ള നടപടികൾ സ്വീകരിക്കണമെന്നും പരാമർശം 1 കത്ത് മുഖേനെ സംസ്ഥാന ഉപഭോക്തൃ തർക്കപരിഹാര കമ്മീഷൻ, സെക്രട്ടറി & രജിസ്ട്രാർ ആവശ്യപ്പെട്ടിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആലപ്പുഴ, കോട്ടയം, വയനാട് ജില്ല ഉപഭോക്തൃതർക്ക പരിഹാര ഫോറങ്ങളിലെ പ്രസിഡന്റുമാരുടെ സേവന കാലാവധി അവസാനിച്ച സാഹചര്യത്തിൽ, പ്രസ്തുത ഫോറങ്ങളുടെ സുഗമമായ പ്രവർത്തനം നടക്കുന്നതിനുവേണ്ടി കൊല്ലം, പത്തനംതിട്ട, കോഴിക്കോട് ജില്ല ഉപഭോക്തൃതർക്ക പരിഹാര ഫോറം പ്രസിഡന്റുമാർക്ക് യഥാക്രമം 21-03-2018, 20-03-2018, 20-03-2018 മുതൽ ആലപ്പുഴ, കോട്ടയം, വയനാട് ജില്ല ഉപഭോക്തൃതർക്ക പരിഹാര ഫോറം പ്രസിഡന്റുമാരുടെ അധിക ചുമതല (Full additional charge) നല്കിയ സംസ്ഥാന ഉപഭോക്തൃതർക്ക പരിഹാര കമ്മീഷൻ പ്രസിഡന്റിന്റെ നടപടി സാധൂകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു

ഗവർണറുടെ ഉത്തരവിൻപ്രകാരം,

**ഗിരീശൻ പി.റ്റി,**
**ഡെപ്യൂട്ടി സെക്രട്ടറി**

പൊതുവിതരണ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
സെക്രട്ടറി&രജിസ്ട്രാർ, സംസ്ഥാന ഉപഭോക്തൃതർക്ക പരിഹാര കമ്മീഷൻ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൌണ്ടന്റ് ജനറൽ (എ & ഇ ), കേരള, തിരുവനന്തപുരം

അക്കൌണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള, തിരുവനന്തപുരം.
പ്രസിഡന്റ്, കൊല്ലം ജില്ല ഉപഭോക്തൃതർക്ക പരിഹാര ഫോറം.
പ്രസിഡന്റ്, പത്തനംതിട്ട ജില്ല ഉപഭോക്തൃതർക്ക പരിഹാര ഫോറം
പ്രസിഡന്റ്, കോഴിക്കോട് ജില്ല ഉപഭോക്തൃതർക്ക പരിഹാര ഫോറം
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

[signature]

സെക്ഷൻ ഓഫീസർ

[signature]

(8)

**കേരള സർക്കാർ**

സംഗ്രഹം

ഉപഭോക്തൃകാര്യ വകുപ്പ് - കണ്ണൂർ ഉപഭോക്തൃതർക്ക പരിഹാര ഫോറം പ്രസിഡന്റിന് കാസർകോഡ് ഉപഭോക്തൃതർക്ക പരിഹാര ഫോറം പ്രസിഡന്റിന്റെ അധിക ചുമതല (Full additional charge) നല്കിയ നടപടി സാധൂകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു

**ഉപഭോക്തൃകാര്യ വകുപ്പ്**

സ.ഉ. (സാധാ)നമ്പർ. 607/2018/ഉ.കാ.വ തീയതി, തിരുവനന്തപുരം, 27-11-2018.

പരാമർശം:-1. സംസ്ഥാന ഉപഭോക്തൃതർക്ക പരിഹാര കമ്മീഷൻ സെക്രട്ടറി&രജിസ്ട്രാറുടെ 06-05-2018 ലെ എ. 517/18 നമ്പർ കത്ത്.

2. സംസ്ഥാന ഉപഭോക്തൃതർക്ക പരിഹാര കമ്മീഷൻ സെക്രട്ടറി&രജിസ്ട്രാറുടെ 23-11-2018 ലെ എ. 826/16 നമ്പർ കത്ത്.

**ഉത്തരവ്**

കാസർകോഡ് ജില്ല ഉപഭോക്തൃതർക്ക പരിഹാര ഫോറത്തിലെ പ്രസിഡന്റിന്റെ സേവന കാലാവധി 14-07-2018 -ന് അവസാനിക്കുന്ന സാഹചര്യത്തിൽ, ഫോറത്തിന്റെ സുഗമമായ പ്രവർത്തനം നടക്കുന്നതിനുവേണ്ടി കണ്ണൂർ ജില്ല ഉപഭോക്തൃതർക്ക പരിഹാര ഫോറം പ്രസിഡന്റിന്, കാസർകോഡ് ഉപഭോക്തൃതർക്ക പരിഹാര ഫോറം പ്രസിഡന്റിന്റെ അധിക ചുമതല നല്കുന്നതിന് സംസ്ഥാന ഉപഭോക്തൃതർക്ക പരിഹാര കമ്മീഷൻ പ്രസിഡന്റ് നിർദ്ദേശിച്ചിട്ടുണ്ടെന്ന് പരാമർശം 1 കത്ത് മുഖേനെ സംസ്ഥാന ഉപഭോക്തൃ തർക്കപരിഹാര കമ്മീഷൻ, സെക്രട്ടറി & രജിസ്ട്രാർ അറിയിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കാസർകോഡ് ജില്ല ഉപഭോക്തൃ തർക്കപരിഹാര ഫോറത്തിലെ പ്രസിഡന്റിന്റെ സേവന കാലാവധി അവസാനിച്ച സാഹചര്യത്തിൽ, ഫോറത്തിന്റെ സുഗമമായ പ്രവർത്തനം നടക്കുന്നതിനുവേണ്ടി, കണ്ണൂർ ജില്ല ഉപഭോക്തൃതർക്ക പരിഹാര ഫോറം പ്രസിഡന്റിന്, 08-08-2018 മുതൽ കാസർകോഡ് ഉപഭോക്തൃതർക്ക പരിഹാര ഫോറം പ്രസിഡന്റിന്റെ അധിക ചുമതല (Full additional charge) നല്കിയ സംസ്ഥാന ഉപഭോക്തൃതർക്ക പരിഹാര കമ്മീഷൻ പ്രസിഡന്റിന്റെ നടപടി സാധൂകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണറുടെ ഉത്തരവിൻപ്രകാരം,
**ഗിരീശൻ പി.റ്റി,**
**ഡെപ്യൂട്ടി സെക്രട്ടറി.**

പൊതുവിതരണ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
സെക്രട്ടറി&രജിസ്ട്രാർ, സംസ്ഥാന ഉപഭോക്തൃതർക്ക പരിഹാര കമ്മീഷൻ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൌണ്ടന്റ് ജനറൽ (എ & ഇ/ഓഡിറ്റ്), കേരള, തിരുവനന്തപുരം
പ്രസിഡന്റ്, കണ്ണൂർ ജില്ല ഉപഭോക്തൃതർക്ക പരിഹാര ഫോറം.
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

അനുബന്ധം. 2 (1)

IN THE HIGH COURT OF KERALA AT ERNAKULAM

PRESENT:

THE HONOURABLE MRS. JUSTICE ANU SIVARAMAN

WEDNESDAY, THE 1ST DAY OF AUGUST 2018 / 10TH SRAVANA, 1940

WP(C).No. 24484 of 2018

PETITIONER(S):

SHEELA JACOB,
AGED 57 YEARS, W/O.LATE BABU,
MEMBER, CONSUMER DISPUTE REDRESSAL FORUM,
PATHANAMTHITTA.

BY ADVS. SRI.BABU KARUKAPADATH
SMT.M.A.VAHEEDA BABU
SRI.K.M.FAISAL (KALAMASSERY)
SRI.P.U.VINOD KUMAR
SMT.AMRIN FATHIMA
SRI.RAHUL ROY
SRI.AVINASH P RAVEENDRAN

RESPONDENT(S):

1. STATE OF KERALA,
REP. BY THE SECRETARY TO GOVERNMENT,
DEPARTMENT CONSUMER AFFAIRS,
GOVERNMENT SECRETARIAT,
THIRUVANANTHAPURAM - 695 001.

2. THE SECRETARY,
CONSUMER DISPUTE REDRESSAL COMMISSION,
THIRUVANANTHAPURAM - 695 001.

3. THE PRESIDENT-IN-CHARGE,
CONSUMER DISPUTES REDRESSAL FORUM,
ALAPPUZHA - 688 012.

BY ADDITIONAL ADVOCATE GENERAL SRI. RENJITH THAMPAN
BY GOVERNMENT PLEADER SRI. JAFFER KHAN

THIS WRIT PETITION (CIVIL) HAVING COME UP FOR ADMISSION ON 01-08-2018, THE COURT ON THE SAME DAY DELIVERED THE FOLLOWING:

RVS.

8

**ANU SIVARAMAN, J.**

**W.P.(C).No.24484 of 2018**

**Dated this the 1st day of August, 2018**

**JUDGMENT**

Heard learned counsel for the petitioner and the learned Additional Advocate General appearing on behalf of the respondents.

2. The petitioner is working as a member of Consumer Disputes Redressal Forum, Pathanamthitta. She has approached this Court, challenging Ext.P2 order, which directs the petitioner to function as a member of the District Forum at Alappuzha as well.

3. The learned counsel for the petitioner contends that the petitioner has to work as member in the Pathanamthitta Forum for 3 days in a week and she is now required to take charge in the Alappuzha District Forum for the remaining 3 days. It is stated that the petitioner is a widow residing at Pathanamthitta along

(3)



with her daughter and is unable to undertake a long travel to take additional charge at Alappuzha. Ext.P2 communication is challenged on the ground that respondents 2 and 3 are not empowered to issue orders in this regard.

4. A counter affidavit has been filed on behalf of the second respondent specifically stating that, in terms of Section 24B of the Consumer Protection Act, 1986, power has been specifically conferred on the President of the State Commission to issue directions exercising administrative control over matters of District Forum. It is submitted that Ext.P2 directions issued are in exercise of the powers conferred under Section 24B of the Consumer Protection Act. The decision of the Apex Court in **State of Uttar Pradesh and Others v. All Uttar Pradesh Consumer Protection Bar Association [(2017) 1 SCC 444]** which is relied upon by the learned Additional Advocate General to contend that the powers of the President of the State Commission to exercise

(4)



administrative control over the State District Forum has been considered and upheld by the Apex Court. Paragraph 22 of the judgment which states that the extent of administrative control shall be in all matters relating to the administrative functioning of the forum concerned, including, but not limited to assignment of judicial and administrative work, postings, transfer and control over members and other such matters is specifically referred to.

Having considered the rival submission, I am of the opinion that the contention that the second and third respondents do not have the power or authority to issue Ext.P2, cannot be sustained. However, since the petitioner is working for 3 days in a week at Pathanamthitta and is now required to travel to Alappuzha and to take charge for 3 days there, the travel and accommodation expenses of the petitioner shall be appropriately met by the respondents. The first respondent shall take immediate steps to see that the

8

(5)



amounts due to the petitioner on the above account are released to her, at the earliest.

The writ petition is ordered accordingly.

Sd/-

**ANU SIVARAMAN**
**JUDGE**

Bb/2/8/2018

[True copy]

*P.A to Judge*